കെ. എസ്. ആർ. ടി. സി.-യുടെ പ്രതിമാസ വരുമാനം

162 [1376] *ശ്രീ. എ. അസീസ്:*

„ *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യുടെ പ്രതിമാസ വരുമാനവും പ്രതിമാസ ചെലവും തമ്മിൽ എന്ത് വ്യത്യാസമുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ബസ്സുകൾ ഓടുന്നതുമൂലമുള്ള വരുമാനത്തിനുപുറമേ മറ്റ് എന്തെല്ലാം വരുമാന മാർഗ്ഗങ്ങളാണ് കെ. എസ്. ആർ. ടി. സി.-യിൽ നിലവിലുള്ളത്; ഓരോന്നിന്റേയും പ്രതിമാസവരുമാനം എത്രയാണെന്ന് വേർതിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2005 ഏപ്രിൽ മാസത്തെ താല്കാലിക വരവ്-ചെലവ് കണക്ക് പ്രകാരം ചെലവ് വരുമാനത്തെക്കാൾ 8.07 കോടി രൂപയും മേയ് മാസം 5.83 കോടി രൂപയും അധികമാണ്. ജൂൺ മാസത്തെ കണക്ക് ശേഖരിച്ചുവരുന്നു.

(ബി) ബസ്സുകൾ ഓടുന്നതുമൂലമുള്ള വരുമാനത്തിനുപുറമേ പരസ്യങ്ങളിൽ നിന്നുള്ള വരുമാനം, ക്യാന്റീൻ, ടെലിഫോൺ ബൂത്ത്, എൽ. ആർ. സ്റ്റാളുകൾ, ക്ലോക്ക് റൂം, പെയിഡ് യൂറിനൽ മുതലായവയുടെ വാടകയിനത്തിലുള്ള വരുമാനം,പഴയ ബസ്സുകൾ ഉൾപ്പെടെ സ്ക്രാപ്പുകൾ ലേലം ചെയ്തു കിട്ടുന്ന വരുമാനം എന്നിവയുണ്ട്. പരസ്യയിനത്തിൽ 8 ½ ലക്ഷം രൂപയും, വാടകയിനത്തിൽ 40 ലക്ഷം രൂപയും മറ്റിനങ്ങളിലായി 26 ½ ലക്ഷം രൂപയും, ശരാശരി പ്രതിമാസ വരുമാനമായി ലഭിക്കുന്നുണ്ട്.

തീർത്ഥാടന കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബസ്സ് സർവ്വീസ്

163 [1377] *ശ്രീമതി മേഴ്സി രവി:*

ശ്രീ. കെ. എ. ചന്ദ്രൻ:

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള പ്രധാന തീർത്ഥാടന കേന്ദ്രങ്ങളെ തമ്മിൽ കെ. എസ്. ആർ. ടി. സി. സർവ്വീസ് മുഖാന്തിരം ബന്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ;

GPM. 2/567/2012—25

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ കൊട്ടിയൂർ, ഗുരുവായൂർ എന്നീ സ്ഥലങ്ങളിൽ നിന്നും തിരുനെല്ലിയിലേക്ക് ബസ് സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ബി) ഗുരുവായൂരിൽ നിന്നും നിലവിൽ ഒരു സർവ്വീസ് നടത്തുന്നുണ്ട്.

കേരള ദിനേശ് ബീഡി വർക്കേഴ്സ് സെൻട്രൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

164 [1421] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ദിനേശ് ബീഡി വർക്കേഴ്സ് സെൻട്രൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പത്ത് വർഷത്തിന് മുൻപ് എത്ര തൊഴിലാളികൾ ദിനേശ് ബീഡിയിൽ ജോലി ചെയ്തിരുന്നു; ഇപ്പോൾ എത്ര പേർ ജോലി ചെയ്തുവരുന്നുണ്ട്;

(സി) തൊഴിൽ ഇല്ലാതായവരെ പുനരധിവസിപ്പിക്കുവാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ബീഡി വ്യവസായരംഗത്തെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി വ്യവസായ-വാണിജ്യ ഡയറക്ടർ ചെയർമാനായി ഒരു 12 അംഗ സമിതി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി അതിന്റെ സിറ്റിംഗ് നടത്തി വരുന്നു.

(ബി) കേരള ദിനേശ് ബീഡി സഹകരണ സംഘത്തിൽ പത്ത് വർഷത്തിനു മുൻപ് 29183 തൊഴിലാളികൾ ജോലി ചെയ്തിരുന്നു. ഇപ്പോൾ 15500 തൊഴിലാളികൾ ഉണ്ട്.

(സി) ബീഡി വ്യവസായരംഗത്തെക്കുറിച്ച് വിശദമായ പഠനം നടത്തുന്നതിനായി വ്യവസായ-വാണിജ്യ ഡയറക്ടർ ചെയർമാനായി ഒരു 12 അംഗ സമിതി രൂപീകരിച്ചിട്ടുണ്ട്. ദിനേശ് ബീഡി സഹകരണസംഘം ചെയർമാൻ ഉൾപ്പെടുന്ന ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബീഡി വ്യവസായം ഇപ്പോൾ നേരിടുന്ന പ്രതിസന്ധിയിൽനിന്നും രക്ഷിക്കുന്നതിനും തൊഴിൽ ഇല്ലാതായവരെ പുനരധിവസിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly